(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സംസ്ഥാനത്തിന്റെ പൊതുകടം

1 (1271) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1991-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരം ഒഴിയുമ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം എന്തു തുകയായിരുന്നുവെന്നും, ഇതിൽ എന്തു തുക പ്രസ്തുത ഗവൺമെന്റിന്റെ കാലത്ത് ഉണ്ടായതാണെന്നും പ്രസ്തുത കാലയളവിന് മുമ്പ് ആകെയുണ്ടായിരുന്ന പൊതുകടം എത്ര ആയിരുന്നുവെന്നും അറിയിക്കാമോ ;

(ബി) 1996-ൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരം ഒഴിയുമ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം എത്രയായിരുന്നുവെന്നും ഇതിൽ എന്തു തുക പ്രസ്തുത ഗവൺമെന്റിന്റെ കാലത്ത് ഉണ്ടായതാണെന്നും വ്യക്തമാക്കാമോ ;

(സി) ലഭ്യമായ ഏറ്റവും ഒടുവിലത്തെ വിവരം അനുസരിച്ച് സംസ്ഥാനത്തിന്റെ പൊതുകടം എത്ര കോടി രൂപയാണ് ;

(ഡി) 1991 -ൽ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരം ഒഴിയുമ്പോൾ സംസ്ഥാനത്തിന്റെ നീക്കിയിരുപ്പ്, ക്ലോസിംഗ് ബാലൻസ് ട്രഷറിബിൽ, ഹോൾഡിംഗ്സ്, ഡെറ്റ് സർവ്വീസിംഗ് ചാർജ് ഇവയെന്തായിരുന്നു ;

(ഇ) ലഭ്യമായ ഏറ്റവും ഒടുവിലത്തെ വിവരം അനുസരിച്ച് സംസ്ഥാനത്തിന്റെ ഓരോ ഇനത്തിലുമുള്ള സ്ഥിതിയെന്താണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) 31-03-2000 വരെ പൊതുകടം 20,176.06 കോടി രൂപയാണ്.

(ഡി) 31-03-1991-ൽ ക്ലോസിംഗ് ബാലൻസ് 13.66 കോടി രൂപ ട്രഷറി ബിൽ ഹോൾഡിംഗ്സ് ഇല്ലായിരുന്നു. ഡെറ്റ് സർവ്വീസ് ചാർജ് 340.54 കോടി രൂപ.

(ഇ) 1999-2000-ൽ ക്ലോസിംഗ് ബാലൻസ് (-) 113.61 കോടി രൂപയാണ്. 12-02-2001-ൽ ലഭിച്ച വിവരമനുസരിച്ച് ട്രഷറി ബിൽ ഹോൾഡിംഗ്സ് ഇല്ല. 1999-2000 ൽ ഡെറ്റ് സർവ്വീസിംഗ് 1952.27 കോടി രൂപയുമായിരുന്നു.

സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള നടപടികൾ

2 (1272) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനായി പദ്ധതിയേതര ചെലവുകൾ കുറയ്ക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ;

(ബി) ചെലവ് ചുരുക്കൽ സംബന്ധിച്ച് ഏതെല്ലാം സർക്കാർ ഏജൻസികളുടെ നിർദ്ദേശങ്ങൾ ആണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) സംസ്ഥാനത്ത് ചെലവ് ചുരുക്കൽ നടപടി സ്വീകരിച്ചതുമൂലം സർക്കാരിന് പ്രതിമാസം എന്ത് തുക ലാഭിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) പദ്ധതിയേതര ചെലവുകൾ കുറയ്ക്കാൻ വേണ്ട ക്രീയാത്മക നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പുതിയ തസ്തിക സൃഷ്ടിക്കൽ, പുതിയ വാഹനങ്ങൾ വാങ്ങൽ, ആഫീസ്, യാത്ര, ഇന്ധന ചെലവുകൾ എന്നിവയിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല ടെലിഫോൺ, മൊബൈൽ ഫോൺ എന്നിവ അനുവദിക്കുന്നതിലും സംസ്ഥാനത്തിനു പുറത്ത് കോൺഫറൻസ്, സെമിനാർ, തുടങ്ങിയവയിൽ പങ്കെടുക്കുന്നതിനും ഉദ്യോഗസ്ഥരുടെ വിദേശയാത്ര വിമാനയാത്ര എന്നിവയിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാന ആസൂത്രണ ബോർഡ്, സ്റ്റേറ്റ് റിസോഴ്സസ് കമ്മീഷൻ എന്നീ ഏജൻസികളുടെ ചെലവ് ചുരുക്കലിനെ സംബന്ധിച്ച നിർദ്ദേശങ്ങൾ ഗവൺമെന്റ് പരിഗണിക്കാറുണ്ട്.

(സി) ചെലവ് ചുരുക്കൽ പദ്ധതി നടപ്പിലാക്കിയതിന്റെ ഫലമായി പദ്ധതിയേതര ചെലവുകൾ ഗണ്യമായി കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ എന്ത് തുക ലാഭിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് തിട്ടപ്പെടുത്തിയിട്ടില്ല.

ബാങ്ക് വായ്പ ലഭിക്കുന്നതിന് നിലവിലുള്ള നടപടി ക്രമങ്ങൾ

3 (1273) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാങ്ക് വായ്പ ലഭിക്കുന്നതിനു നിലവിലുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനു ഗവൺമെന്റ് എന്തൊക്കെ നടപടികൾ എടുക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) സംസ്ഥാനത്തെ വിവിധ ബാങ്കുകളിലായി എത്ര രൂപയുടെ നിക്ഷേപം ഉണ്ടെന്ന് അറിയാമോ ; എങ്കിൽ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly